(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം:കെ.എസ്.എ./കെ.എസ്.ഡി -6/33/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്

തീയതി .17.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന),

കുമ്പള ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുമ്പള ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/കെ.എസ്.ഡി -6/33/2017 തീയതി:17.01.2017

## കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസറഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ തിയ്യതി 07.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾക്കു ലഭിച്ച മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സി.രാജാരാമ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.11.2016 മുതൽ 17.11.2016 വരെ |

| | |
|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലോകേഷ ആചാരി.ബി, ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ. വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | രഘുനാഥൻ.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | കുഞ്ഞിക്കൃഷ്ണൻ.കെ.സി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി താഹിറ യൂസഫ് | 01.04.2015 മുതൽ 31.10.2015 വരെ |
| | ശ്രീ. പുണ്ഡരീകാക്ഷ | 01.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.ചന്ദ്രശേഖരൻ.എൻ | 01.04.2015 മുതൽ 31.03.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗം | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ആനന്ദ.കെ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | പ്രവീൺ.സി.ജി | 01.04.2015 മുതൽ 02.06.2015വരെ |
| | ശ്രുതി.എം.കെ | 03.06.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മാസ്റ്റർ | നന്ദഗോപാല.വൈ | 01.04.2015 മുതൽ 31.03.2016 വരെ |
| വി. ഇ. ഒ. (നിർവഹണം) | എൻ.എ.മജീദ് | 01.04.2015 മുതൽ 20.07.2015 വരെ |
| | ഷീന.പി | 21.07.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസ്ര, ആയുർവേദം | സീതാരത്ന.എം | 01.04.2015 മുതൽ 16.07.2015 വരെ |
| | മഹേഷ.പി.എസ് | 17.07.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | അച്യുത മണിയാണി | 01.04.2015 മുതൽ 31.03.2016 വരെ |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ഹരിപ്രശാന്ത്.ജി | 01.04.2015 മുതൽ 03.09.2015 വരെ |
| | രാഘവൻ.കെ | 04.09.2015 മുതൽ 18.10.2015 വരെ |
| | സീതാലക്ഷ്മി.ടി | 19.10.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | കെ.കെ.ബിന്ദു | 01.04.2015 മുതല 31.03.2016 വരെ |
| മെഡിക്കൽ ഓഫീസ്ര, അലോപ്പതി | കെ.സുബ്ബഗട്ടി | 01.04.2015 മുതല 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 - ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 | |
| ഭാഗം 2 - വരവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 2-1 | |
| 2 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-2 | |
| 3 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല- വ്യാപാരികൾ | 2-3 | |
| 4 | ഡി. &ഒ.ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ് | 2-4 | |

| | | | |
|---|---|---|---|
| 5 | കെട്ടിട വാടക ഈടാക്കിയിട്ടില്ല | 2-5 | |
| 6 | ഡി. & ഒ. ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 2-6 | |
| 7 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല- വ്യാപാരികൾ | 2-7 | |
| ഭാഗം 3-ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 1 | കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള ചെലവ് ഈടാക്കിയിട്ടില്ല | 3-1 | |
| 2 | വിദ്യാർത്ഥികൾക്ക് സൈക്കിൾ- അപാകതകൾ | 3-2 | |
| 3 | വിദ്യാർത്ഥികൾക്ക് മേശ, കസേര- അപാകതകൾ | 3-3 | |
| 4 | തെരുവ് വിളക്ക് പദ്ധതി- അപാകത | 3-4 | |
| 5 | പ്രൊക്വയർമെന്റ് കമ്മിറ്റി മിനുട്ട്സ്- അപാകത | 3-5 | |
| 6 | ടാറിന്റെ വില തെറ്റ്- പഞ്ചായത്തിന് നഷ്ടം | 3-6 | |
| 7 | ഗുണഭോക്തൃ സമിതികൾക്ക് CPOH- നഷ്ടം | 3-7 | |
| 8 | ഹോമിയോ മരുന്ന് വാങ്ങൽ- മരുന്ന് ലഭിച്ചിട്ടില്ല. | 3-8 | |
| 9 | മൃഗസംരക്ഷണം, ക്ഷീരവികസനം- പ്രോജക്ടുകൾ ഇല്ല | 3-9 | |
| 10 | ജൈവ വള സബ്സിഡി- ഇ പേമെന്റ് നടത്തിയിട്ടില്ല. | 3-10 | |
| 11 | ഭവന നിർണം- അപൂർണം | | |
| ഭാഗം 4- ഓഡിറ്റ് പ്രത്യവലോകനം | | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 | |

അനുബന്ധം

1. ഓഡിറ്റ് സാക്ഷ്യപത്രം
2. റസീറ്റ് & പേമെന്റ് അക്കൗണ്ട്
3. ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ട്
4. ബാലൻസ് ഷീറ്റ്

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തിയതിയിലെ 36/15 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ ഓഡിറ്റിൽ താരതമ്യം ചെയ്തിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ | അപാകത പരിഹരിച്ച് |
|---|---|---|---|

| | | | |
|---|---|---|---|
| | | തിരിച്ചയച്ച തീയതി | ലഭിച്ച തീയതി |
| 31.07.2016 | 25.07.2016 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

2015-16 വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഓഡിറ്റിന്റെ ഭാഗമായി 17.11.2016 ന് പരിശോധിച്ചു. വാർഷിക ധനകാര്യ പത്രികയിന്മേലുള്ള സാക്ഷ്യ പത്രം ഈ റിപ്പോർട്ടിന്റെ അനുബന്ധം 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,78,66,805.64 |
| വരവ് | 10,20,72,970 |
| ആകെ | 13,99,39,775.64 |
| ചെലവ് | 12,85,62,518 |
| നീക്കിയിരിപ്പ് | 1,13,77,257.64 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 56,45,734 | - | 1,70,77,259 | 2,27,22,993 | 1,89,57,788 | 37,65,205 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 21,42,812 | 31,08,315 | - | 52,51,127 | 31,08,315 | 21,42,812 | 0 | 100 |
| വികസനഫണ്ട് ടി.എസ്.പി. | 3,25,000 | 3,07,108 | - | 6,32,108 | 3,07,108 | 3,25,000 | 0 | 100 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 67,02,117 | 1,18,92,763 | - | 1,85,94,880 | 87,88,789 | 98,06,091 | 0 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 55,97,842 | 15,54,556 | - | 71,52,398 | 23,49,042 | 48,03,356 | 0 | 100 |
| സംരക്ഷണഗ്രാന്റ് റോഡ് | 3,87,841 | 55,67,373 | - | 59,55,214 | 70,86,595 | - | (-)11,31,381 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 19,06,225 | 32,97,510 | - | 52,03,735 | 40,72,354 | - | (+)11,31,381 | |
| തൊഴിലുറപ്പ് പദ്ധതി | 18,055 | 1,33,67,515 | - | 1,33,85,570 | 1,33,83,902 | - | 1,668 | |
| ബി. ഫണ്ട് | - | 3,57,85,480 | - | 3,57,85,480 | 3,57,85,480 | - | - | 100 |

*FTO amount in MGNREGA - ₹.1,28,85,745

DBT amount of Social Security Pensions- ₹.3,45,86,800

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 231 | 11,45,51,939 | 132 | 6,18,70,355 | 0 | 99 | 5 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ - ഇല്ല

നടപ്പിലാക്കിയ പ്രോജക്ടുകളുടെ നിർവഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | | നടപ്പിലാക്കിയ പ്രോജക്ടുകൾ | | ചെലവു ശതമാനം |
|---|---|---|---|---|---|---|
| | | എണ്ണം | തുക | എണ്ണം | തുക | |
| 1 | കൃഷി ഓഫീസർ | 5 | 48,45,000 | 4 | 46,00,000 | 95 |
| 2 | വെറ്റിനറി സർജൻ | 1 | 25,000 | 0 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| 3 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 1 | 7,20,000 | 1 | 6,11,001 | 85 |
| 4 | സബ്ഇൻസ്പെകടർ ഓഫ് ഫിഷറീസ് | 1 | 2,00,000 | 1 | 40,000 | 20 |
| 5 | മെഡിക്കൽ ഓഫീസർ, ആയുർവേദം | 1 | 2,00,000 | 1ഡി&ഒ | 2,00,000 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ഡി & ഒ14 | 1,99,90,300 | 11 | 1,13,30,000 | 57 |
| 7 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 11 | 88,38,141 | 11 | 64,05,269 | 72 |
| 8 | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | ഡി & ഒ24 | 1,33,37,718 | 12 | 32,80,499 | 25 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 153 | 5,69,25,780 | 77 | 2,99,12,816 | 53 |
| 10 | ഹെഡ് മാസ്റ്റർ | 8 | 36,30,000 | 6 | 34,88,464 | 96 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 12 | 58,40,000 | 8 | 20,02,306 | 34 |

## **1-7** തനത് വരുമാനം.

മുൻവർഷത്തെ അപേക്ഷിച്ച് സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം ഇടിവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 78,32,821 | 58,34,074 | (-)19,98,747 |
| നികുതിയേതര വരവുകൾ | 37,09,775 | 30,45,649 | (-)6,64,126 |
| മറ്റുവരവുകൾ | 2,33,674 | 3,53,416 | (+)1,19,742 |
| ആകെ | 1,17,76,270 | 92,33,139 | (-)25,43,131 |

ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വസ്തു നികുതി (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 58,28,434 | 35,99,684 | -22,28,750 | |
| തൊഴിൽ നികുതി (വ്യാപാരികൾ, സ്ഥാപനങ്ങൾ)<br>(കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 2,78,705 | 4,35,100 | +1,56,395 | |
| തൊഴിൽ നികുതി (ജീവനക്കാർ) | 17,25,682 | 17,99,290 | +73,608 | |
| ആകെ നികുതി വരവ് | 78,32,821 | 58,34,074 | (-)19,98,747 | (-)25.51% |
| ലൈസൻസ് ഫീസ് (കുടിശ്ശിക പിരിവ് ഉൾപ്പെടെ) | 77,160 | 1,68,450 | +91,290 | |
| മണൽ വിൽപ്പന വരവ് | 5,90,965 | 90,895 | _5,00,070 | |
| വാടക വരവ് | 18,82,478 | 18,90,758 | +8,280 | |
| ഫീസുകൾ, ഫൈനുകൾ, യൂസർ ചാർജ്ജുകൾ | 10,66,061 | 7,83,012 | -2,83,049 | |
| ടെണ്ടർ ഫോറങ്ങളുടെയും മറ്റു ഫോറങ്ങളുടെയും വിറ്റു വരവ് | 10,820 | 71,805 | +60,985 | |
| മറ്റു വിൽപന വരവുകൾ | 23,035 | 40,729 | +22,306 | |
| ബസ് സ്റ്റാന്റ് വരവുകൾ | 49,500 | - | 49500 | |
| മാർക്കറ്റ് വരവുകൾ | 9,756 | - | 9756 | |
| ആകെ നികുതിയേതര വരവ് | 37,09,775 | 30,45,649 | (-)6,64,126 | (-)17.90% |
| ബാങ്ക് അക്കൗണ്ടുകളിൽ ലഭിച്ച പലിശ | 2,33,674 | 3,53,416 | 119742 | |

| | | | | |
|---|---|---|---|---|
| ആകെ മറ്റു വരവുകൾ | 2,33,674 | 3,53,416 | (+)1,19,742 | (+)51.24% |
| ആകെ തനതു വരുമാനം | 1,17,76,270 | 92,33,139 | (-)25,43,131 | (-)21.59% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 52,680 | 35 |
| കർഷകതൊഴിലാളി പെൻഷൻ | 5,91,750 | 85 |
| വിധവാ പെൻഷൻ | 1,73,65,520 | 1622 |
| വാർദ്ധക്യകാല പെൻഷൻ | 1,14,97,050 | 1132 |
| വികലാംഗ പെൻഷൻ | 49,80,600 | 860 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 11,40,000 | 38 |
| 50 വയസ്സിൽ കൂടിയ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1,51,880 | 18 |

സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യപ്രാപ്തി

| ക്രമ നം | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാരമാർഗം |
|---|---|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 13 | 12 | 1 | |
| 2 | കർഷക തൊഴിലാളി പെൻഷൻ | 3 | 3 | - | |
| 3 | വിധവാ പെൻഷൻ | 131 | 120 | 11 | |
| 4 | വാർദ്ധക്യ കാലപെൻഷൻ | 381 | 318 | 63 | |
| 5 | വികലാംഗപെൻഷൻ | 42 | 26 | 16 | |
| 6 | 50 വയസ്സിൽ കൂടിയ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | - | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09-11-2016 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5,961/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.10.2016 മുതൽ 23.10.2016 വരെ | 01.07.2016 മുതൽ | 20.10.2016 | ഇല്ല |

| | | | | |
|---|---|---|---|---|
| | | 30.09.2016 വരെ | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | നടന്നിട്ടില്ല | | | |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

2015-16 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും, റിട്ടേൺസും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെപറയുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്നതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.
(ഓഡിറ്റ് എൻക്വയറി നമ്പർ 07/ 16-11-2016 )

| ജീവനക്കാരന്റെ പേര്<br>ഒന്നാം അർദ്ധ വർഷത്തെ റിട്ടേൺ പ്രകാരമുള്ള ആകെ ശമ്പളം | വൗച്ചർ നമ്പർ<br>21500042/10.04.15 ന് ലീവ് സറണ്ടർ ചെയ്ത ശമ്പളം | 2015-16 ഒന്നാം അർദ്ധ വർഷത്തെ ആകെ ശമ്പളം | ഈടാക്കിയ<br>തൊഴിൽ നികുതി<br>(Rt.No.11509100584/ 25-08-2015) | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|
| ശ്രീമതി.ഷൈനി.എ.വി,ക്ലാർക്ക് (കമ്പള ഗ്രാമ പഞ്ചായത്ത്)<br>അർദ്ധവർഷത്തെ ശമ്പളം - 1,11,495 | 18,628 | 1,30,123 | 1,000 | 1,250 | 250 |
| ശ്രീ.ഗോപിനാഥൻ.കെ,എഫ്.ടി.എസ് ( കമ്പള ഗ്രാമ പഞ്ചായത്ത്)<br>അർദ്ധവർഷത്തെ ശമ്പളം - 1,09,550 | 18,142 | 1,27,692 | 1,000 | 1,250 | 250 |
| ശ്രീമതി.ശാലിനി.കെഎഫ്.ടി.എസ്, (കമ്പള ഗ്രാമ പഞ്ചായത്ത് )<br>അർദ്ധവർഷത്തെ ശമ്പളം - 1,09,550 | 18,142 | 1,27,692 | 1,000 | 1,250 | 250 |
| ശ്രീ.ചന്ദ്രശേഖർ.എ.കെ,പി.ടി.എസ്.<br>ജി.എം.എൽ.പി.എസ്.അരിക്കാടി<br>അടിസ്ഥാന ശമ്പളം - 31,740<br>ക്ഷാമബത്ത - 26,026<br>ബോണസ് / ഉൽസവബത്ത - 35,000<br>ആകെ = 61,266 | --- | 61,266 | 450<br>(Rt.No.11509100617/31.08-15) | 600 | 150 |

| | | | | | |
|---|---|---|---|---|---|
| ആകെ | | | | | 900 |

തൊഴിൽ നികുതി കറവ് ഈടാക്കിയതിനാൽ പഞ്ചായത്തിനുണ്ടായ നഷ്ടം 900/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 07/ 16-11-2016 )

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ജീവനക്കാരും തൊഴിലാളികളും തൊഴിൽ സ്ഥാപനവും തങ്ങളുടെ തൊഴിൽ നികുതി ഒടുക്കേണ്ടതുണ്ട്. തൊഴിൽ സ്ഥാപനങ്ങൾ ടേൺഓവറിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് നികുതി ഒടുക്കണം. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെപറയുന്ന സ്ഥാപനങ്ങൾ അവയുടെ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനങ്ങൾ | കാലയളവ് |
|---|---|---|
| 1 | ബി.എം.എ.ഹെൽത്ത് സെന്റർ,കുമ്പള | 2015-16 ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ബീനാസ് ഹെൽത്ത് സെന്റർ, മെറ്റേർനിറ്റി & ജനറൽ ഹോസ്പിറ്റൽ,കുമ്പള | 2015-16 ഒന്നാം അർദ്ധവർഷം |
| 3 | കാസർഗോഡ് ജില്ലാ-കോ-ഓപ്പറേറ്റീവ്-ഹോസ്പിറ്റൽ സൊസൈറ്റി,കുമ്പള | 2015-16-ഒന്നാം അർദ്ധവർഷം |
| 4 | മണിപ്പാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്-കമ്പ്യൂട്ടർ എജ്യുക്കേഷൻ | 2014-15ഒന്നും,രണ്ടും അർദ്ധവർഷം |

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട അർദ്ധവർഷങ്ങളിലെ സ്ഥാപന നികുതി ഈടാക്കി വിവരം ഓഡിറ്റിന് അറിയിക്കേണ്ടതാണ്.

## 2-3 വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ. 07/ 16-11-2016 )

പഞ്ചായത്ത് പ്രദേശത്ത് വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഡി.&ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ | കച്ചവട സ്ഥാപനത്തിന്റെ കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/വിലാസവും | തൊഴിൽ നികുതി അടവാക്കേണ്ട കാലയളവ് |
|---|---|---|---|---|
| 1 | 70/15-16 | X/1363 F | അബ്ദുൾ കാദർ.ബി. S/O മുഹമ്മദ് ഹാജി | 2015-16 അർദ്ധവർഷം |
| 2 | 71/15-16 | X/1363 C | അബ്ദുൾ അസീസ് s/o ഷേഗാലി | 2015-16 അർദ്ധവർഷം |
| 3 | 4/15-16 | XXII/252 | സദാനന്ദകാമത്ത്.എസ് s/o ദേവദാസ കാമത്ത് | 2015-16 അർദ്ധവർഷം |
| 4 | 6/15-16 | XII/602 | രമാവതി.കെ | 2015-16 |

| | | | | |
|---|---|---|---|---|
| | | | W/O നാരായണൻ<br>മൂക്കൂട്, രാവണേശ്വരം | അർദ്ധവർഷം |

മേൽ വിവരിച്ച കച്ചവടക്കാരിൽ നിന്നും അവരുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഒ ലൈസൻസ് ഫീ - ഈടാക്കിയതിൽ കുറവ് .

(ഓഡിറ്റ് എൻക്വയറി നമ്പർ 07/ 16-11-2016 )

2015-16 സാമ്പത്തിക വർഷത്തെ ഡി.ആന്റ് ഒ. ലൈസൻസ് ഫീ രജിസ്റ്ററുകളും, അപേക്ഷകളും മറ്റ് അനുബന്ധ രേഖകളും പരിശോധിച്ചപ്പോൾ 1996 – ലെ കേരള പഞ്ചായത്ത് രാജ് ( ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം രണ്ടാം പട്ടികയിൽ വിവരിക്കുന്ന നിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ലൈസൻസിന് അപേക്ഷിച്ച വ്യാപാരിയുടെ പേര്,<br>(ഡി.&ഒ.ലൈസൻസ് രജിസ്റ്റർ പ്രകാരം ക്രമ നമ്പർ) | സ്ഥാപനത്തിന്റെ സ്വഭാവം & കെട്ടിട നമ്പർ | ഒരു ദിവസത്തെ വിറ്റ് വരവ് (അപേക്ഷ പ്രകാരം | ഈടാക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ് | കുറവ് വന്ന തുക |
|---|---|---|---|---|---|
| ടി.എ.മുഹമ്മദ്<br>s/o ടി.അബ്ദുൾ കാദർ<br>343/15-16 | ഇലക്ട്രിക് ഗുഡ്സ്,പൈപ്പ് ഫിറ്റിംഗ്സ് മുതലായവ<br>XXIII/707(737) | 26,500 | 1,000 | 500<br>Rt.No.11501101510/02.07.15 | 500 |
| നാരായണൻ.എം.പി<br>s/o കുഞ്ഞമ്പു<br>608/15-16 | ജ്യൂല്ലറി ഷോപ്പ്<br>X/1680 | 16,000 | 500 | 300<br>Rt.No.11509102647/10.02-16 | 200 |
| ആകെ | | | | | 700 |

മേൽപറഞ്ഞ കുറവായ 700/-രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിട വാടക ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 07/ 16-11-2016 )

2015-16 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാരനിൽനിന്നും മാസ വാടക ഈടാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ/<br>കെട്ടിട നമ്പർ | വാടകക്കാരന്റെ പേരും, വിലാസവും | ഈടാക്കേണ്ട<br>മാസവാടക | ഈടാക്കിയ മാസ വാടക | കുറവ് |
|---|---|---|---|---|
| X/398 C | നാരായണ,<br>s/o കൃഷ്ണ. | 2015-16<br>4246 x 4= 16,984 | -- | 16,984 |
| ആകെ | | | | 16,984 |

മേൽപറഞ്ഞ കച്ചവടക്കാരനിൽ നിന്നും കെട്ടിടവാടകയിനത്തിൽ ലഭിക്കാനുള്ള വാടക തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-6 ഡി.& ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 07/ 16-11-2016 )

2015-16 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന കച്ചവടക്കാർ 1996 –ലെ കേരള പഞ്ചായത്ത് രാജ് (ആപൽകരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ഡി ആന്റ് ഒ ലൈസൻസ് എടുത്തതായി കാണുന്നില്ല. വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം | ഷോപ്പിംങ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം പേജ് നമ്പർ | കച്ചവട സ്ഥാപനത്തിന്റെ കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/വിലാസവും |
|---|---|---|---|
| 1 | 1/15-16 | X/395 | എം.എം.ഇബ്രാഹിം, s/o മമ്മൂഞ്ഞിഹാജി |
| 2 | 4/15-16 | X/398 | എം.പി.മുഹമ്മദ്, s/o പള്ളികുഞ്ഞി |
| 3 | 5/15-16 | X/398 A | അബ്ദുൾ സലാം, s/o അബ്ദുള്ള |
| 4 | 6/15-16 | X/398 B | ഫാത്തിമ |
| 5 | 8/15-16 | X/398 D | ശ്രീധര, s/o കൃഷ്ണപ്പ പൂജാരി |
| 6 | 9/15-16 | X/398 E | സി.കെ.മൂസ, s/o അന്തു |
| 7 | 10/15-16 | X/398 F | അശോക റൈ, s/o ഭാസ്കര റൈ |
| 8 | 12/15-16 | X/398 H | കേശവ, s/o കൊറഗ |
| 9 | 13/15-16 | X/398 I | ഗീത എൽ ഷെട്ടി, w/o ലോകനാഥ ഷെട്ടി |
| 10 | 14/15-16 | X/399 | മമ്മൂഞ്ഞി, s/o അബ്ദുള്ള |
| 11 | 21/15-16 | X/406 | സൈനുദ്ദീൻ, s/o മൂസ്സ |
| 12 | 24/15-16<br>25/15-16 | X/409<br>X/410 | ലോകേഷ , s/o ഉമേഷ് പൂജാരി |
| 13 | 26/15-16 | X/411 | അബ്ദുൾ സലാം, s/o അബ്ദുള്ള |
| 14 | 27/15-16 | X/412 | ശാലിനി, D/o സുബ്ബ ഗട്ടി |
| 15 | 28/15-16 | X/413 | ശ്രീനിവാസ |
| 16 | 36/15-16 | X/421 | അബ്ദുള്ള |
| 17 | 37/15-16 | X/422 | എ.കെ.ആരീഫ്, s/o അബ്ദുൾ കാദർ |
| 18 | 38/15-16 | X/423 | രാജേഷ് കുമാർ.ബി |
| 19 | 79/15-16 | X/400 A | ഇബ്രാഹിം ഖാലീൽ |
| 20 | 39/15-16 | X/1249 B | സിദ്ദിഖ്, s/o അബ്ദുൾ കാദർ |
| 21 | 40/15-16 | X/1249 C | അബ്ദുൾ റഹിമാൻ, s/o സൈനുദ്ദീൻ |
| 22 | 41/15-16 | X/1249 D | കെ.എം.മുഹമ്മദ്, s/o സൈനുദ്ദീൻ |

| | | | |
|---|---|---|---|
| 23 | 42/15-16 | X/1249 E | അബ്ദുള്ള,<br>s/o മുഹമ്മദ് |

മേൽ വിവരിച്ച കച്ചവടക്കാരെ ഡി & ഒ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കാൻ അനുവദിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

## 2-7 വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 07/ 16-11-2016 )

2015-16 സാമ്പത്തിക വർഷത്തേക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടം വാടകയ്ക്ക് ഏറ്റെടുത്ത താഴെക്കൊടുത്തിരിക്കുന്ന വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഷോപ്പിംങ് കോംപ്ലക്സ് വാടക രജിസ്റ്റർ പ്രകാരം പേജ് നമ്പർ | കച്ചവട സ്ഥാപനത്തിന്റെ കെട്ടിട നമ്പർ | കച്ചവടക്കാരന്റെ പേരും/വിലാസവും |
|---|---|---|---|
| 1 | 1/15-16 | X/395 | എം.എം.ഇബ്രാഹിം,<br>s/o മമ്മൂഞ്ഞിഹാജി |
| 2 | 4/15-16 | X/398 | എം.പി.മുഹമ്മദ്,<br>s/o പള്ളികുഞ്ഞി |
| 3 | 5/15-16 | X/398 A | അബ്ദുൾ സലാം,<br>s/o അബ്ദുള്ള |
| 4 | 6/15-16 | X/398 B | ഫാത്തിമ |
| 5 | 8/15-16 | X/398 D | ശ്രീധര,<br>s/o കൃഷ്ണപ്പ പൂജാരി |
| 6 | 9/15-16 | X/398 E | സി.കെ.മൂസ,<br>s/o അന്തു |
| 7 | 10/15-16 | X/398 F | അശോക റൈ,<br>s/o ഭാസ്കര റൈ |
| 8 | 12/15-16 | X/398 H | കേശവ,<br>s/o കൊറഗ |
| 9 | 13/15-16 | X/398 I | ഗീത എൽ ഷെട്ടി,<br>w/o ലോകനാഥ ഷെട്ടി |
| 10 | 14/15-16 | X/399 | മമ്മൂഞ്ഞി,<br>s/o അബ്ദുള്ള |
| 11 | 21/15-16 | X/406 | സൈനുദ്ദീൻ,<br>s/o മൂസ്സ |
| 12 | 24/15-16<br>25/15-16 | X/409<br>X/410 | ലോകേഷ,<br>s/o ഉമേഷ് പൂജാരി |
| 13 | 26/15-16 | X/411 | അബ്ദുൾ സലാം,<br>s/o അബ്ദുള്ള |
| 14 | 27/15-16 | X/412 | ശാലിനി,<br>D/o സുബ്ബ ഗട്ടി |
| 15 | 28/15-16 | X/413 | ശ്രീനിവാസ |
| 16 | 36/15-16 | X/421 | അബ്ദുള്ള |
| 17 | 37/15-16 | X/422 | എ.കെ.ആരീഫ്,<br>s/o അബ്ദുൾ കാദർ |
| 18 | 38/15-16 | X/423 | രാജേഷ് കുമാർ.ബി |
| 19 | 79/15-16 | X/400 A | ഇബ്രാഹിം ഖാലീൽ |

| | | | |
|---|---|---|---|
| 20 | 39/15-16 | X/1249 B | സിദ്ദിഖ്,<br>s/o അബ്ദുൾ കാദർ |
| 21 | 40/15-16 | X/1249 C | അബ്ദുൾ റഹിമാൻ,<br>s/o സൈനുദ്ദീൻ |
| 22 | 41/15-16 | X/1249 D | കെ.എം.മുഹമ്മദ്,<br>s/o സൈനുദ്ദീൻ |
| 23 | 42/15-16 | X/1249 E | അബ്ദുള്ള,<br>s/o മുഹമ്മദ് |

മേൽ വിവരിച്ച കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമപഞ്ചായത്ത് സ്ഥലം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് തുക ചെലവഴിച്ചു, കൈയ്യേറ്റക്കാരനിൽ നിന്നും തുക തിരിച്ചുപിടിച്ചിട്ടില്ല.

വൗച്ചർ നം.21500986/21.03.2016 – 6,000/- രൂപ.

ഗ്രാമ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള റീസർവ്വേ നമ്പർ 210/01 ലെ ഭൂമി കൈയ്യേറി ശ്രീ.അഷറഫ്, പള്ളി ക്വാർട്ടേഴ്സ്, പൊട്ടേരി എന്നയാൾ കെട്ടിട നിർമ്മാണം നടത്തിയത് ഒഴിപ്പിക്കുന്നതിന് വേണ്ടി ജെ.സി.ബി ഉപയോഗിച്ച് പണി നടത്തിയതിന് ശ്രീ. ലത്തീഫ് എന്നയാൾക്ക് 6,000/- രൂപ നൽകിയിട്ടുണ്ട്. ചെക്ക് നം.6670/21.03.2016. ഇതുമായി ബന്ധപ്പെട്ട ഫയൽ പരിശോധന നടത്തിയപ്പോൾ ഈ തുക സ്ഥലം കൈയ്യേറിയ ശ്രീ.അഷറഫ്, പള്ളി ക്വാർട്ടേഴ്സ്, പൊട്ടേരി എന്നവരിൽ നിന്നും ഈടാക്കേണ്ടതാണെന്ന് സെക്രട്ടറി ഫയലിൽ ഉത്തരവ് നൽകിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കാൻ അനുമതി നൽകിയിരിക്കുന്നത്. ഈ തുക ശ്രീ.അഷറഫ്, പള്ളി ക്വാർട്ടേഴ്സ്, പൊട്ടേരി എന്നവരിൽ നിന്നും ഈടാക്കിയിട്ടുണ്ടോ എന്ന് ഓഡിറ്റ് എൻക്വയറി നം.03/15.11.2016 പ്രകാരം ചോദിച്ചതിന് ടിയാനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്നാണ് 16.11.2016ന് മറുപടി നൽകിയത്. അതിനാൽ 6,000/- രൂപ എത്രയും പെട്ടെന്ന് തിരിച്ച് പിടിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.അല്ലാത്തപക്ഷം അത് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 3-2 വിദ്യാർത്ഥികൾക്ക് സൈക്കിൾ പദ്ധതി - അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി.

ബിൽ നം.09/15-16/22.03.16 – 1,84,500/-

പ്രൊജക്ട് നം. 157/16

ഗ്രാമപഞ്ചായത്ത് പരിധിയിൽ സർക്കാർ സ്കൂളുകളിൽ 10-ാം തരത്തിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതാണ് പദ്ധതി. കാസറഗോഡ് സൈക്കിൾ കമ്പനിയിൽ നിന്നും 41 സൈക്കിളുകളാണ് ഈ പദ്ധതിക്ക വേണ്ടി വാങ്ങിയത്.ഇൻവോയ്സ് നം.3597/02.03.2016. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.ഈ പദ്ധതിക്കായി ടെണ്ടർ വിളിച്ചതിന് 3 ടെണ്ടറുകളാണ് ലഭിച്ചത്,

1.മുഹമ്മദ് ബർക്കത്തുള്ള.എൻ.കെ. കാസറഗോഡ് സൈക്കിൾ കമ്പനി.

2.നവാസ്, കാസറഗോഡ് സൈക്കിൾ കമ്പനി, കുമ്പള.

3.അബ്ദുൾ ഹലീം.എൻ.കെ, പീപ്പിൾസ് മെക്കാനിക്കൽ വർക്സ്, കാസറഗോഡ്.

എന്നാൽ ഈ മൂന്നു പേരും ടെണ്ടറിനോടൊപ്പം സമർപ്പിച്ച EMD 4,715/- രൂപയുടെത് (4715x3 – 14,475/-കാമധേനു ഡെപ്പോസിറ്റ്, കാനറാ ബാങ്ക്,കാസറഗോഡ്) എടുത്തിരിക്കുന്നത് , മുഹമ്മദ് ബർക്കത്തുള്ള.എൻ.കെ. എന്നയാളുടെ പേരിൽ മാത്രമാണ്. അതുകൊണ്ട് ടെണ്ടർ നടപടികളിൽ കൃത്രിമം നടന്നിട്ടുണ്ട് എന്ന് വ്യക്തമാണ്.

2.കാസറഗോഡ് സൈക്കിൾ കമ്പനിയുമായി എഗ്രിമെന്റ് ഒപ്പിട്ടിട്ടില്ല. വെറും സ്റ്റാമ്പ് പേപ്പർ മാത്രമാണ് ഹാജരാക്കിയത്.

3.ജി.എച്ച്.എസ്.എസ്. കുമ്പളയിലെ 38 കുട്ടികൾക്കും, ജി.വി.എച്ച്.എസ്.എസ്. മൊഗ്രാലിലെ 3 കുട്ടികൾക്കുമാണ് സൈക്കിൾ നൽകിയത്. സ്കൂളുകളിൽ നിന്നും തരുന്ന പട്ടികയുടെ അടിസ്ഥാനത്തിലാണ് സൈക്കിൾ വിതരണം ചെയ്തത്. ഈ പട്ടികയിൽ കുട്ടികളുടെ പേര് മാത്രമാണ് ഉള്ളത്, മേൽവിലാസം ഇല്ല. അതിനാൽ അവർ ഈ ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവരാണോ, പട്ടികജാതി വിഭാഗത്തിൽ പെടുന്നവരാണോ എന്നും വ്യക്തമല്ല. ഈ 41 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ ഗ്രാമസഭാ മിനിട്സോ, മറ്റ് അംഗീകൃത ഗുണഭോക്തൃപട്ടികയോ, ഭരണസമിതി തീരുമാനമോ,അപേക്ഷയും അനുബന്ധരേഖകളുമോ ഇവയൊന്നും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.ടെണ്ടർ അംഗീകരിച്ച ഭരണ സമിതി തീരുമാനം നം.30(2)/16/12.02.16 ൽ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി സൈക്കിൾ വാങ്ങുന്നതിന് അംഗീകാരം നൽകുന്നു എന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ 15.12.15 ന് ശേഷം 07.10.16 ൽ മാത്രമാണ് പ്രൊക്യൂർമെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്, പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അനുമതിയില്ലാതെ സ്വന്തം നിലക്കാണ് പർച്ചേസ് നടത്തിയത്.

5.ബില്ല് പ്രകാരം തുക ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഇത് സ്ഥാപനത്തിന് നൽകിയതിന് ഡിമാന്റ് ഡ്രാഫ്റ്റ്/ചെക്ക് സംബന്ധമായ വിവരങ്ങൾ, കൈപ്പറ്റിയ രശീതി എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.04/15.11.2016 പ്രകാരം വിശദീകരണം ചോദിച്ചുവെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ 1,84,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടെണ്ടർ നടപടികളിൽ കൃത്രിമം ഉണ്ടെന്ന് പ്രഥമദൃഷ്ട്യാ ഓഡിറ്റിന് ബോധ്യപ്പെട്ടതിനാൽ വിശദമായ ഒരന്വേഷണത്തിന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു. അതിനാൽ ഈ പർച്ചേസുമായി ബന്ധപ്പെട്ട് ഡെപ്പോസിറ്റ് ചെയ്ത 08.08.2016 ന് കാലാവധി പൂർത്തീകരിച്ച EMD പലിശ സഹിതം പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. (4715x3 – 14,475/-നം.KA-714755, KA-714756, KA-714757- കാമധേനു ഡെപ്പോസിറ്റ്, കാനറാ ബാങ്ക്,കാസറഗോഡ്. )

## 3-3 വിദ്യാർത്ഥികൾക്ക് മേശ, കസേര പദ്ധതി-അപാകത.

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി.

ബിൽ നം.11/15-16/22.03.16 – 3,47,955/-

പ്രൊജക്ട് നം.158/16

87 നിർദ്ധനരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന നിലവാരം മെച്ചപ്പെടുത്താൻ 87മേശ, കസേര എന്നിവ വാങ്ങി നൽകാനുള്ള പദ്ധതിയാണിത്. SIDCO കാസറഗോഡിൽ നിന്നുമാണ് 87മേശ, കസേര എന്നിവ വാങ്ങിയത്. ഇൻവോയ്സ് നം.SMCKSD/F8B/15-16 /247/11.02.16,ഡിഡി നം.187764/30.03.2016. ഇവ താഴെപ്പറയും പ്രകാരം സ്കൂളുകളിലെ ഹെഡ് മാസ്റ്റർമാർ കൈപ്പറ്റിയിട്ടുണ്ട്.

| ക്രമ നം. | സ്കൂളിന്റെ പേര് | മേശ | കസേര |
|---|---|---|---|
| 1 | G.H.S.S. Kumbla | 52 | 52 |
| 2 | G.S.B.S Kumbla | 14 | 14 |
| 3 | Holly family A.S.B.S. Kumbla | 3 | 3 |
| 4 | G.V.H.S. Mogral | 2 | 2 |
| 5 | Aided S.B.S. Ichilampady | 16 | 16 |
| | ആകെ | 87 | 87 |

മേൽ വിവരിച്ച സ്കൂളുകളിൽ നിന്നും തരുന്ന പട്ടികയുടെ മാത്രം അടിസ്ഥാനത്തിലാണ് 87മേശ, കസേര എന്നിവ വിതരണം ചെയ്തത്, ഈ പട്ടിക പരിശോധിച്ചാൽ ഇവർ പട്ടികജാതി വിഭാഗത്തിലാണോ, ഈ ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്നവരാണോ എന്ന് വ്യക്തമല്ല. ഈ 87 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന്റെ ഗ്രാമസഭാ മിനിട്സോ മറ്റ് അംഗീകൃത ഗുണഭോക്തൃപട്ടികയോ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഈ ഗുണഭോക്താക്കളുടെ അപേക്ഷകളോ, അനുബന്ധരേഖകളോ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.04/15.11.2016 പ്രകാരം വിശദീകരണം ചോദിച്ചുവെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ 3,47,955/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 തെരുവ് വിളക്ക് പദ്ധതി-തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി.

(1)പ്രൊജക്ട് നം. 96/16.

വൗച്ചർ നം.21501035/29.03.16 – 17,39,568/-

ഈ പദ്ധതിക്കായി KREWS, കാസറഗോഡിൽ നിന്നും 24 Watts ന്റെ 300 LED തെരുവ് വിളക്ക് വാങ്ങിയിട്ടുണ്ട്. ഇൻവോയ്സ് നം.514/29.05.2015, ഡി.ഡി നം.187781/30.03.2016. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.KREWS ന്റെ 16.12.15 ലെ കത്ത് പ്രകാരം 300 തെരുവ് വിളക്കുകൾ സ്ഥാപിച്ചു എന്ന് അറിയിച്ചിട്ടുണ്ട്. ഇൻസ്റ്റലേഷൻ റിപ്പോർട്ടും ഏതൊക്ക വാർഡിൽ ഏതൊക്കെ പോസ്റ്റുകളിലാണ് വിളക്കുകൾ സ്ഥാപിച്ചത് എന്നതിന് KSEB നൽകുന്ന സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.സ്ഥാപിച്ച തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാണെന്ന് പരിശോധന നടത്തിയതിന് PWD ഇലക്ട്രിക്കൽ ഡിവിഷൻ, അല്ലെങ്കിൽ KSEB യുടെ റിപ്പോർട്ട് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3.പ്രതിമാസം 46,697/-രൂപയാണ് തെരുവ് വിളക്ക് വൈദ്യുതി ചാർജ്ജിനത്തിൽ KSEB യിൽ ഒടുക്കുന്നത്. ഡിസംബർ മാസത്തിൽ 300 LED തെരുവ് വിളക്കുകൾ സ്ഥാപിച്ചതിനു ശേഷവും ഇതേ തുക തന്നെയാണ് വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കി വരുന്നത്. LED ലൈറ്റുകൾക്ക് വൈദ്യുതി ഉപയോഗം കുറവായതിനാൽ വൈദ്യുതി ചാർജ്ജ് സ്വാഭാവികമായും കുറയേണ്ടതാണ്.
മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.05/15.11.2016 പ്രകാരം വിശദീകരണം ചോദിച്ചുവെങ്കിലും മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2)പ്രൊജക്ട് നം. 226/16

വൗച്ചർ നം.21501142/31.03.16 – 3,80,000/-

പള്ളംകോട് ഇലക്ട്രിക്കൽ വർക്സിൽ നിന്നും 24 Watts ന്റെ 100 LED തെരുവ് വിളക്കുകൾ ഈ പദ്ധതിക്കുവേണ്ടി വാങ്ങിയിട്ടുണ്ട്. ബിൽ നം.ഇല്ല, തിയ്യതി.28.03.2016, ഡി.ഡി നം.186117/02.04.2016. ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ടും ഏതൊക്ക വാർഡിൽ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചത് എന്നതിന് KSEB നൽകുന്ന സാക്ഷ്യപത്രവും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2.സ്ഥാപിച്ച തെരുവ് വിളക്കുകൾ പ്രവർത്തനക്ഷമമാണെന്ന് പരിശോധന നടത്തിയതിന് PWD ഇലക്ട്രിക്കൽ ഡിവിഷൻ, അല്ലെങ്കിൽ KSEB യുടെ

റിപ്പോർട്ട് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.05/15.11.2016 പ്രകാരം വിശദീകരണം ചോദിച്ചുവെങ്കിലും മറുപടി നൽകിയിട്ടില്ല. ആയതിനാൽ ക്രമ നം.(1),(2) എന്നിവ പ്രകാരം ആകെ 21,19,568/- രൂപയുടെ (17,39,568/+3,80,000/-)ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്സ് - അപാകത.

